**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*377.** **13.11.2019 ൽ മറുപടിയ്ക്ക്**

**വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുവാൻ അനുമതി നൽകാനുള്ള തീരുമാനം**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എം.സി.കമറുദ്ദീൻ | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിന് ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അബ്കാരി ലൈസൻസ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | നിയമസഭാ സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചക്ക, മാങ്ങ, കശുമാങ്ങ, വാഴപ്പഴം മുതലായ പഴവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങളിൽ നിന്നും മറ്റ് ധാന്യവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം, വൈൻ തുടങ്ങിയ പാനീയങ്ങൾ ഉല്പാദിപ്പിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാല സർക്കാരിൽ സമർപ്പിച്ചിരുന്ന സമഗ്ര റിപ്പോർട്ട് അംഗീകരിച്ച് ഇത്തരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വീര്യം കുറഞ്ഞ മദ്യം വിപണനം ചെയ്യുന്നതിന് ബന്ധപ്പെട്ട അബ്കാരി ചട്ടങ്ങളിൽ നിയമഭേദഗതി വരുത്തുന്നതിന് അനുമതി നൽകി 26.10.2019 ലെ ജി.ഒ(എം.എസ്)58/19/നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പുറമേ നിരുപദ്രവകരമാണെന്ന് തോന്നാമെങ്കിലും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതും ഉപഭോഗം ചെയ്യുന്നതും മദ്യാസക്തി വർദ്ധിപ്പിക്കുവാനേ ഉപകരിക്കൂ എന്ന വസ്തുത ഗൗരവമായി | (ബി) | നിലവിൽ വീര്യം കുറഞ്ഞ മദ്യമായ ബീയർ, വൈൻ എന്നിവ സംസ്ഥാനത്ത് കെ.എസ്.ബി.സി വഴി വിപണനം നടത്തുന്നുണ്ട്. ഇത് മദ്യാസക്തി വർദ്ധിപ്പിക്കുന്നതായി കണ്ടെത്തിയിട്ടില്ല. വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിലൂടെ വീര്യം കൂടിയ മദ്യത്തിന്റെ |

| | | | |
|---|---|---|---|
| | ചിന്തിച്ചിട്ടുണ്ടോ; | | ഉപഭോഗം കുറച്ചുകൊണ്ടുവരുവാൻ സാധിക്കുന്നതാണ്. |
| (സി) | സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാനാണോ ഇപ്രകാരം ലൈസൻസ് നൽകുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | മദ്യ വില്പനയിലൂടെ സാമ്പത്തിക സ്രോതസ് കണ്ടെത്താമെന്നത് സർക്കാരിന്റെ നയമല്ല. കേരളത്തിൽ പാഴായി പോകുന്ന ചക്ക, കശുമാങ്ങ തുടങ്ങിയ പഴങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതിന് സാധ്യത വളരെ കൂടുതലാണെന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സബ്ജക്ട് കമ്മിറ്റി VIII നിർദ്ദേശിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ കൃഷി വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ച്, പഴങ്ങളിൽ നിന്ന് വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ ഉത്പാദിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഈ തീരുമാനം വഴി പാഴായി പോകുന്ന ചക്ക, കശുമാങ്ങ, കൈതച്ചക്ക, വാഴപ്പഴം തുടങ്ങിയവ മൂല്യവർദ്ധിത ഉൽപ്പന്നം ആക്കി മാറ്റാൻ കഴിയുകയും, കർഷകർക്ക് ഇതുവഴി സമ്പത്തിക നേട്ടം ഉണ്ടാവുകയും ചെയ്യുന്നു. ആയതിനാൽ ഈ തീരുമാനത്തിൽ നിന്നും പിന്മാറേണ്ട സാഹചര്യമില്ല. |
| (ഡി) | ലഘുവായ മദ്യപാനത്തിന് മാന്യത നൽകുന്ന ഈ തീരുമാനം പുന:പരിശോധിക്കുമോ എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**